(ബി) ഡബ്ല്യു.സി.റ്റി. തെങ്ങിൻ തൈകൾ, വിവിധയിനം കമുകിൻ തൈകൾ, വാഴക്കന്നുകൾ, വേരുപിടിപ്പിച്ച കുരുമുളകു വള്ളികൾ, സപ്പോട്ട, മാവ്, പ്ലാവ്, ജാതി, കുടംപുളി, കശുമാവ് എന്നിവയുടെ ഗ്രാഫ്റ്റുകൾ, ആയുർവേദ ഔഷധച്ചെടികൾ, അലങ്കാര സസ്യങ്ങൾ, ആന്തൂറിയം, ഓർക്കിഡ് എന്നിവയുടെ തൈകൾ എന്നിവ ഇവിടെനിന്നും ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നു.

(സി) കോഴിക്കോട് ജില്ലയിൽ ജില്ലാ കൃഷിത്തോട്ടം കുത്താളി, കോക്കനട്ട് നഴ്സറി, തിക്കോടി എന്നിവിടങ്ങളിലും കോട്ടയം ജില്ലയിൽ കോഴ ജില്ലാ കൃഷിത്തോട്ടത്തിലും, മലപ്പുറം ജില്ലയിൽ ചുങ്കംതറ ജില്ലാ കൃഷിത്തോട്ടത്തിലും ആയുർവേദ ഔഷധച്ചെടികൾ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നു.

പെരുവയൽ കൃഷി ഭവന് സ്വന്തം കെട്ടിടം

83 [407] ശ്രീ. യു. സി. രാമൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം മണ്ഡലത്തിലെ പെരുവയൽ പഞ്ചായത്തിലെ കൃഷിഭവന് സ്വന്തം കെട്ടിടം ഇല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പഞ്ചായത്തിലെ മുണ്ടയ്ക്കൽ പ്രദേശത്ത് കൃഷി വകുപ്പിന്റെ ഒരു കെട്ടിടം ഉപയോഗിക്കാതെ കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഈ കെട്ടിടത്തിലേയ്ക്ക് പെരുവയൽ കൃഷിഭവൻ മാറ്റുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ ആന്റ് ബി) ഇല്ല. പെരുവയൽ പഞ്ചായത്തിലെ കൃഷിഭവൻ ജനകീയാസൂത്രണ പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്ത് നിർമ്മിച്ച സ്വന്തം കെട്ടിടത്തിലാണ് പ്രവർത്തിച്ചുവരുന്നത്.

(സി) ബാധകമല്ല.

കൃഷി ഓഫീസർമാരുടെ നിയമനം

84 [408] ശ്രീ. പി. കെ. അബ്ദുറബ്ബ്:

" കെ. കുട്ടി അഹമ്മദ്കുട്ടി:

" സി. മോയിൻകുട്ടി:

" ഇ. ടി. മുഹമ്മദ് ബഷീർ:

" ഇസ്ഹാക്ക് കുരിക്കൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly